**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2970** **07-10-2025 - ൽ മറുപടിയ്ക്ക്**

**സ്വാഭാവിക വനശോഷണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | അധിനിവേശ സസ്യങ്ങളെയും വൃക്ഷങ്ങളെയും ഒഴിവാക്കി സ്വാഭാവിക വനം വികസിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിന് ഒരു നയരേഖ അംഗീകരിച്ചുകൊണ്ട് 17.12.21-ൽ സ.ഉ (കൈ) നം.29/2021/വനം പ്രകാരം ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം പരിസ്ഥിതിക്കും, ആവാസവ്യവസ്ഥക്കും ദോഷകരമായതും, കാലികപ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് തുടങ്ങിയ വിദേശവൃക്ഷങ്ങളും, അവയടങ്ങിയ ഏകവിളത്തോട്ടങ്ങളും ഘട്ടം ഘട്ടമായി നീക്കം ചെയ്ത് സ്വാഭാവിക വനമായി പുനഃസ്ഥാപനം നടത്തുവാൻ വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | സ്വാഭാവിക വനശോഷണത്തിന്റെ ഫലമായിട്ടാണോ വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേക്ക് ഇറങ്ങുന്നതെന്ന് പരിശോധിക്കുമോ; വിശദാംശം നൽകാമോ? | (ബി) | അധിനിവേശ/ വിദേശസസ്യങ്ങളുടെ കടന്നുകയറ്റം സ്വാഭാവിക വനശോഷണത്തിന് കാരണമായിതീർന്നിട്ടുണ്ട്. വന്യജീവികളുടെ ആവാസവ്യവസ്ഥക്ക് ശോഷണം സംഭവിക്കുന്നത് ചിലയിടങ്ങളിൽ വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേക്ക് ഇറങ്ങുന്നതിന് ഒരു കാരണമാകുന്നതായി ചൂണ്ടികാണിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ